**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗികളായ സ്ത്രീകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഷാഫി പറമ്പിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പെരിന്തൽമണ്ണയിൽ കോവിഡ് ബാധിതയായ യുവതിക്ക് നേരെ പീഡനശ്രമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ; | (ബി) | ടി സംഭവത്തിന് പീഡനത്തിനിരയായ യുവതിയുടെ പരാതി പ്രകാരം 14.05.2021 തീയതി പെരിന്തൽമണ്ണ പോലീസ് ക്രൈം. നം. 256/2021 U/S 341, 354, 354(A), (I) (i), 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതിയായ പ്രശാന്ത് എന്നയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും, ബഹു. കോടതി ഉത്തരവ് പ്രകാരം റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | 2020-ൽ പത്തനംതിട്ടയിൽ കോവിഡ് രോഗിയെ പീഡിപ്പിച്ച സംഭവത്തിനു ശേഷം ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആംബുലൻസ് ഡ്രൈവർമാരുടെ ക്രിമിനൽ പശ്ചാത്തലം കർശന പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ജോലിക്കായി നിയമിക്കുന്നവരുടെ ക്രിമിനൽ പശ്ചാത്തലവും മറ്റും പോലീസ് നിരീക്ഷിച്ചു വരുന്നു. കോവിഡ് ബാധിതരായ സ്ത്രീകളുമായും മറ്റും പോലീസ് ഉദ്യോഗസ്ഥർ ആശയ വിനിമയം നടത്തി അവർക്ക് വേണ്ട എല്ലാ പിന്തുണയും നൽകുന്നുണ്ട്. കോവിഡ് ബാധിച്ച സ്ത്രീകളെ തനിച്ച് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകുന്ന അവസരത്തിൽ പോലീസിന്റെ സംരക്ഷണം ആവശ്യപ്പെടുന്ന പക്ഷം ആയതും നൽകി വരുന്നു. കൂടാതെ, ജില്ലാ സൈബർ സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കിടയിൽ ഔദ്യോഗിക വെബ് സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും മറ്റും ബോധവൽക്കരണവും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോവിഡ് രോഗികളായ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | കോവിഡ്-19 ബാധിച്ച് ഒറ്റപ്പെട്ട് പോകുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജനമൈത്രി പോലീസ് പദ്ധതി മുഖേന വീടുകളിൽ പോയി രോഗികളുടെ സുരക്ഷയെയും ക്ഷേമത്തെയും പറ്റി അന്വേഷിക്കുന്നതിനും ആവശ്യമെങ്കിൽ വൈദ്യ സഹായം എത്തിക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ കോവിഡ് രോഗികളെ പാർപ്പിച്ചിട്ടുള്ള DCC/CFLTC ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ